**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4588** **10-08-2021 - ൽ മറുപടിയ്ക്ക്**

**ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ഡോ സുജിത് വിജയൻപിള്ള | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | റോഡപകടങ്ങൾ വർദ്ധിക്കുന്നതിനനുസരിച്ച് ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റുകളുടെ നിലവാരം കൂടുതൽ ഉറപ്പുവരുത്തുന്നതിനുപകരം ടെസ്റ്റു തന്നെ ഇല്ലാതാക്കുന്ന തരത്തിൽ ലൈസൻസ് നൽകാനുള്ള കേന്ദ്ര നിയമം വൻകിട അക്രെഡിറ്റഡ് ഏജൻസികളെ സഹായിക്കുന്നതിന് വേണ്ടിയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ വിജ്ഞാപനം (GSR 394(E) dated, 07/06/2021) പ്രകാരം കേന്ദ്ര മോട്ടോർ വാഹന ചട്ടം 31-ൽ വരുത്തിയിട്ടുള്ള ഭേദഗതിയനുസരിച്ചാണ് നിലവിലുള്ള ഡ്രൈവിംഗ് സ്കൂൾ സംവിധാനത്തിനു സമാന്തരമായി ക്രമീകൃതവും ഉയർന്ന നിലവാരത്തിലുള്ളതുമായ ഡ്രൈവിംഗ് പരിശീലനം ലക്ഷ്യമാക്കിക്കൊണ്ട് അക്രെഡിറ്റഡ് ഡ്രൈവർ ട്രെയിനിംഗ് സെന്ററുകൾ രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളത്. പുതുക്കിയ ചട്ടം 31 J (6) പ്രകാരം, അക്രെഡിറ്റഡ് ഡ്രൈവിംഗ് ട്രെയിനിംഗ് സെന്ററുകളിൽ പരിശീലനം നേടുന്നവർ മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ നടത്തുന്ന ടെസ്റ്റ് കൂടി പാസായാൽ മാത്രം ലഭിക്കുന്ന പ്രൊഫിഷ്യൻസി ടെസ്റ്റ് സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ലൈസൻസിംഗ് അതോറിറ്റി മുമ്പാകെ ഹാജരാക്കേണ്ടതാണ്. ഇത്തരത്തിൽ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നവർക്ക് ചട്ടം 9(3) പ്രകാരം വീണ്ടും ടെസ്റ്റ് നടത്തേണ്ടതില്ല എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഡ്രൈവിംഗ് ലൈസൻസ് ലഭിക്കുന്നതിനുള്ള ടെസ്റ്റുകൾ പൂർണ്ണമായും ഒഴിവാക്കിയിട്ടില്ല. |
| (ബി) | സർക്കാർ മേഖലയിലെ റെഗുലേറ്ററി ഫംഗ്ഷൻ സർവ്വീസായ ഡ്രൈവിംഗ് ടെസ്റ്റും വാഹന ടെസ്റ്റും സ്വകാര്യ മേഖലയിലേയ്ക്ക് മാറ്റുന്നതുവഴി നോൺ റെഗുലേറ്ററി ഫംഗ്ഷൻ സർവ്വീസായി മാറുമോയെന്ന് വെളിപ്പെടുത്താമോ; | (ബി) | നിലവിൽ പ്രവർത്തനാനുമതിയുള്ള ഡ്രൈവിംഗ് പരിശീലന സ്ഥാപനങ്ങൾ, കേന്ദ്ര മോട്ടോർ വാഹന നിയമം സെക്ഷൻ 12 അനുശാസിക്കുന്ന പ്രകാരം ലൈസൻസ് നേടിയിട്ടുള്ളവയാണ്. കേന്ദ്ര മോട്ടോർ വാഹന ചട്ടം 24-ൽ പ്രതിപാദിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായിട്ടാണ് ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. ഇവയെല്ലാം സ്വകാര്യ മേഖലയിലാണുള്ളത്. പുതുക്കിയ കേന്ദ്ര മോട്ടോർ വാഹന ചട്ടം 31 B - യിലെ വ്യവസ്ഥകൾ അനുസരിച്ച് സെക്ഷൻ 126-ൽ പരാമർശിച്ചിട്ടുള്ള പ്രകാരം അതാതു സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി |

| | | | |
|---|---|---|---|
| | | | അഥവാ സർക്കാർ നിശ്ചയിക്കുന്ന ഏജൻസി മുമ്പാകെ ചട്ടം 32-ൽ പ്രതിപാദിച്ചിരിക്കുന്ന നിശ്ചിത ഫീസ് ഒടുക്കി അപേക്ഷ സമർപ്പിക്കുകയും നിബന്ധനകൾക്കനുസൃതമായ സൗകര്യങ്ങൾ ഉണ്ടെന്ന് പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം Form 11 A - ൽ ലൈസൻസ് ലഭ്യമായിട്ടുള്ള സ്ഥാപനങ്ങൾക്കാണ് accreditation നൽകുന്നത്. ഇവയുടെ പ്രവർത്തന നിലവാരം കാലാകാലങ്ങളിൽ പരിശോധിക്കുന്നതിന് Rule 31 F പ്രകാരം വ്യവസ്ഥയുണ്ട്. നിർദ്ദിഷ്ട നിലവാരം പുലർത്തുന്നില്ല എന്നു കാണുന്ന സ്ഥാപനങ്ങൾക്കെതിരെ Rule 31 G പ്രകാരം നടപടി സ്വീകരിക്കാനും വ്യവസ്ഥയുണ്ട്. ആയതിനാൽ ഇത്തരം സ്ഥാപനങ്ങളുടെ മേൽ സർക്കാരിനുള്ള നിയന്ത്രണാധികാരം മോട്ടോർ വാഹന ചട്ടപ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. കേന്ദ്ര മോട്ടോർവാഹന നിയമം 56ലെ വ്യവസ്ഥകൾക്ക് വിധേയമായാണ് Authorized testing station കൾക്ക് പ്രവർത്തനാനുമതി നൽകിയിട്ടുള്ളത്. കേന്ദ്ര മോട്ടോർ വാഹന ചട്ടം 62(1)ൽ പ്രതിപാദിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ച് സർക്കാർ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ പരിശോധന നടത്തിയ ശേഷം മാത്രമാണ് Rule 63 പ്രകാരം ഇത്തരം സ്ഥാപനങ്ങൾക്ക് അനുമതി നൽകുന്നത്. മാത്രമല്ല സംസ്ഥാന മോട്ടോർ വാഹന വകുപ്പിലെ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന് കേന്ദ്ര മോട്ടോർവാഹന ചട്ടം 67 അനുസരിച്ച് ഈ സ്ഥാപനങ്ങൾ പരിശോധിക്കുന്നതിന് വ്യവസ്ഥയുണ്ട്. ക്രമക്കേടുകൾ കണ്ടെത്തുന്ന പക്ഷം സ്ഥാപനത്തിന്റെ അംഗീകാരം പിൻവലിക്കുന്നതിന് ബന്ധപ്പെട്ട രജിസ്റ്ററിങ് അതോറിറ്റിക്ക് ചട്ടം 69 പ്രകാരം അധികാരം നൽകിയിട്ടുണ്ട്. Authorized Testing Station-കൾക്കും അക്രെഡിറ്റഡ് ഡ്രൈവർ ട്രെയിനിങ്ങ് സെന്ററുകൾക്കും അനുമതി നൽകുന്നതിനും അവയുടെ പ്രവർത്തനങ്ങൾ പരിശോധിച്ച് നിലവാരം ഉറപ്പു വരുത്തുന്നതിനും ബന്ധപ്പെട്ട സർക്കാർ വകുപ്പിനുള്ള അധികാരം നിലനിർത്തിയിട്ടുള്ളതിനാൽ ഡ്രൈവിംഗ് ടെസ്റ്റും വാഹന ടെസ്റ്റും സ്വകാര്യ മേഖലയിലേയ്ക്ക് മാറ്റുന്നതുവഴി അവ നോൺ റെഗുലേറ്ററി ഫംഗ്ഷൻ സർവ്വീസായി മാറുന്നതല്ല. |
| (സി) | പൊതുജന സുരക്ഷയ്ക്ക് പ്രാധാന്യം നൽകിയിരുന്ന സർക്കാർ സംവിധാനത്തിന്റെ സ്ഥാനത്ത് സ്വകാര്യമേഖല കടന്നുവരുമ്പോൾ സേവനം പണസമ്പാദനത്തിനുള്ള മാർഗ്ഗമായി മാറുമെന്നതും ഉപഭോക്താക്കളിൽ സാമ്പത്തികബാധ്യത അടിച്ചേൽപ്പിക്കുന്ന സാഹചര്യം | (സി) | നിലവിലുള്ള ഡ്രൈവിംഗ് സ്കൂൾ സംവിധാനം നിലനിറുത്തിക്കൊണ്ട് തന്നെയാണ് അക്രെഡിറ്റഡ് ഡ്രൈവിംഗ് ട്രെയിനിംഗ് സെന്ററുകൾക്ക് അനുമതി നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ആയതിനാൽ പരിശീലനാർത്ഥികൾക്ക് അവരവരുടെ താല്പര്യപ്രകാരം പരിശീലന സ്ഥാപനം |

| | | | |
|---|---|---|---|
| | ഉണ്ടാകാനിടവരുമെന്ന ജനങ്ങളുടെ ആശങ്കയും കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | | തെരെഞ്ഞെടുക്കാൻ സ്വാതന്ത്ര്യമുണ്ട്. എന്നാൽ കൂടുതൽ നിലവാരമുള്ള പരിശീലന സൗകര്യങ്ങളും സിലബസും പുതുക്കിയ ചട്ടത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ ചട്ടം അനുസരിച്ച് നിലവിൽ വരുന്ന സ്ഥാപനങ്ങളിലെ കോഴ്സ് ഫീ തുടങ്ങിയ ചെലവുകൾ സംബന്ധിച്ച് വ്യക്തത ഉണ്ടായാൽ മാത്രമേ ജനങ്ങൾക്കുണ്ടാകുന്ന അധിക ബാധ്യത വിലയിരുത്താൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ